LIBRARY ARCHIVES Kerala Legislative Assembly

സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങൾ

145 (3706) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്കൃത സർവ്വകലാശാലയുടെ കീഴിൽ എത്ര പ്രാദേശിക കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; അവ ഏതെല്ലാം ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത് എന്നും ഓരോ കോഴ്സുകളിലും എത്ര വിദ്യാർത്ഥികൾ ഉണ്ട് എന്നും വ്യക്തമാക്കുമോ ;

(സി) വിദ്യാർത്ഥികളുടെ അഭാവംമൂലം പ്രാദേശിക കേന്ദ്രങ്ങൾ അടച്ചു പൂട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം കേന്ദ്രങ്ങൾ എന്നു മുതൽ അടച്ചുപൂട്ടുന്നു എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്കൃത സർവ്വകലാശാലയുടെ കീഴിൽ ആകെ ഏഴ് പ്രാദേശിക കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവ.

1. പ്രാദേശിക കേന്ദ്രം, തൃശ്ശൂർ
2. പ്രാദേശിക കേന്ദ്രം, തിരൂർ, മലപ്പുറം
3. പ്രാദേശിക കേന്ദ്രം, കൊയിലാണ്ടി, കോഴിക്കോട്
4. പ്രാദേശിക കേന്ദ്രം, പയ്യന്നൂർ, കണ്ണൂർ
5. പ്രാദേശിക കേന്ദ്രം, തുറവൂർ, ആലപ്പുഴ
6. പ്രാദേശിക കേന്ദ്രം, തിരുവനന്തപുരം
7. പ്രാദേശിക കേന്ദ്രം, ഏറ്റുമാനൂർ എന്നിവയാണ്.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഉദിക്കുന്നില്ല.

കാലടി സംസ്കൃത സർവ്വകലാശാലയ്ക്ക് ലഭിച്ച കേന്ദ്ര ധനസഹായം

146 (3707) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്കൃത വിദ്യാഭ്യാസ വികസനത്തിന് നോഡൽ ഏജൻസി എന്ന നിലയിൽ കാലടി സംസ്കൃത സർവ്വകലാശാലയ്ക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്ന് എത്ര തുക ലഭിച്ചിട്ടുണ്ട് ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തുക ഏതെല്ലാം പദ്ധതികൾക്കാണ് അനുവദിച്ചിട്ടുള്ളത് ;

(സി) ഓരോ പദ്ധതിയ്ക്കുമായി എന്തു തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്കൃത വിദ്യാഭ്യാസ വികസനത്തിന് നോഡൽ ഏജൻസി എന്ന നിലയിൽ കാലടി സംസ്കൃത സർവ്വകലാശാലയ്ക്ക് താഴെപ്പറയുന്ന തുക വിവിധ പദ്ധതികൾക്കായി ലഭിച്ചിട്ടുണ്ട്.

1. 1997-98-ലെ പദ്ധതി പ്രകാരം 4.75 ലക്ഷം രൂപ സംസ്കൃത സെമിനാർ നടത്താൻ തൃപ്പുണിത്തുറ കോളേജിലെ സാമ്പത്തിക സഹായം നൽകൽ, പണ്ഡിതന്മാരെ ആദരിക്കൽ സ്കൂൾ വിദ്യാർത്ഥികൾ, മുതിർന്നവർക്കുള്ള പ്രാരംഭ അനൗപചാരിക കോഴ്സ് എന്നീ പരിപാടികൾ നടപ്പിലായി.

2. 1998-99-ലെ പദ്ധതി പ്രകാരം 18.82 ലക്ഷം രൂപ ലഭിച്ചു. അത് സംസ്കൃത വിദ്യാർത്ഥികൾക്കുള്ള (ഹൈസ്കൂൾ തലം) സ്കോളർഷിപ്പ് വിതരണം, സ്കൂൾ തലത്തിലുള്ള സംസ്കൃത അദ്ധ്യാപർക്കുള്ള പരിശീലനം സംസ്കൃത സെമിനാറിന്റെ നടത്തിപ്പ്, സംസ്കൃത കോളേജുകളിൽ സംസ്കൃത സെമിനാർ നടത്തുന്നതിനുള്ള സാമ്പത്തിക സഹായം എന്നീ പരിപാടികൾക്കായി വിനിയോഗിച്ചു. സംസ്കൃത പാഠശാലകളിൽ ആധുനിക വിഷയങ്ങൾ പഠിപ്പിക്കുവാൻ അദ്ധ്യാപകരെ നിയമിക്കുന്നതിന് അനുവദിച്ച പണം യോഗ്യതയുള്ള സ്ഥാപനങ്ങളുടെ അഭാവംമൂലം നടപ്പിലാക്കാനായില്ല.

3. 2000-2001-ലെ സംസ്കൃത വർഷാചരണത്തിന്റെ ഭാഗമായി 2 ലക്ഷം രൂപ സംസ്കൃത സർവ്വകലാശാലയ്ക്ക് അനുവദിച്ചു. അതിൻപ്രകാരം സംസ്കൃത സെമിനാർ സംസ്കൃത വിദ്യാർത്ഥികൾക്കുള്ള മത്സര പരിപാടികൾ സംസ്കൃത സംഭാഷണ പരിശീലനം എന്നീ പരിപാടികൾ നടത്തി. ബാക്കിയുള്ള തുക ഉപയോഗിച്ച് സംസ്കൃത സെമിനാർ സംസ്കൃത സംഭാഷണ പരിശീലനം (Spoken Sanskrit Course) എന്നിവ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

4. 2000-01, 2001-02 വർഷങ്ങളിലെ പദ്ധതി പ്രകാരം സംസ്കൃത പ്രോത്സാഹനത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് അനുവദിച്ച 91.52 ലക്ഷം രൂപ 30-3-2002-ലാണ് സംസ്കൃത സർവ്വകലാശാലയ്ക്ക് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ലഭിച്ചത്.

    1. ഹൈസ്കൂൾ/ഹയർ സെക്കണ്ടറി തലത്തിലുള്ള സംസ്കൃത വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം.

LIBRARY ARCHIVES Kerala Legislative Assembly

2. സ്കൂൾ/കോളേജ് സംസ്കൃത അദ്ധ്യാപകർക്കുള്ള പരിശീലന കോഴ്സുകൾ.

3. സംസ്കൃത സെമിനാറിന്റെ നടത്തിപ്പ്.

4. സ്കൂൾ വിദ്യാർത്ഥികൾക്കുള്ള 'പ്രാരംഭം', മുതിർന്ന വർക്കുള്ള 'അനൗപചാരിക' എന്നീ കോഴ്സുകളുടെ നടത്തിപ്പ്.

5. സംസ്കൃത സർവ്വകലാശാലയിലും സംസ്കൃത കോളേജുകളിലും പണ്ഡിതന്മാരെ നിയമിക്കൽ.

6. കൂടിയാട്ടത്തിന്റെ ചിത്രീകരണവും അനുബന്ധ പ്രവർത്തനങ്ങളും.

7. അപൂർവ്വവും ഇതുവരെ പ്രസിദ്ധീകരിക്കാത്തതുമായ താളിയോല ഗ്രന്ഥങ്ങളുടെ ശേഖരണവും സംരക്ഷണവും.

മുകളിൽ പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സംസ്കൃത സർവ്വകലാശാല നേരത്തെ തുടങ്ങി കഴിഞ്ഞു. ഈ വർഷത്തിനുള്ളിൽ തന്നെ എല്ലാ പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി എല്ലാവിധ നടപടികളും എടുത്തിട്ടുണ്ട്.

(സി) 1. 1997-98 വർഷത്തിൽ ലഭിച്ച 4.75 ലക്ഷം രൂപ മുഴുവനായും ചെലവഴിച്ചു.

2. 1998-99 വർഷത്തിൽ ലഭിച്ച 18.82 ലക്ഷം രൂപയിൽ 14.50 ലക്ഷം രൂപയും ചെലവഴിച്ചു കഴിഞ്ഞു. സംസ്കൃത പാഠശാലകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനായി ലഭിച്ച തുക (4.32 ലക്ഷം) യോഗ്യതയുള്ള സ്ഥാപനങ്ങളുടെ അഭാവംമൂലം സർവ്വകലാശാലയ്ക്ക് നടപ്പിലാക്കാനായില്ല. ഈ തുക ഗവൺമെന്റ് അക്കൗണ്ടിലേക്ക് തിരിച്ചടച്ചു.

3. 2000-01 വർഷത്തിലെ സംസ്കൃത പ്രചാരണ വർഷമായി ആചരിക്കാൻ ലഭിച്ച തുക 27-12-2001-നാണ് ലഭിച്ചതെങ്കിലും 2001-02 വർഷത്തിൽ ഈ പരിപാടികൾ ഏകദേശം നടപ്പിലാക്കുകയും ബാക്കിയുള്ള തുക ഉപയോഗിച്ച് അടുത്തു തന്നെ ഒരു സംസ്കൃത സെമിനാർ നടത്തുവാനും പരിപാടിയുണ്ട്.

കാലടി സംസ്കൃത സർവ്വകലാശാലയ്ക്ക് സാമ്പത്തിക സഹായം

147 (3708) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് യു.ജി.സി.-യുടെ 12 ബി അനുസരിച്ചുള്ള സാമ്പത്തിക സഹായം അനുവദിച്ചു കിട്ടിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly